## (2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. വി. ബാലറാം: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (3) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എൻ. രാജൻ: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (4) മേശപ്പുറത്ത്വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ഡോ. കെ. സി. ജോസഫ്: സർ, മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## (5) സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (6) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

# IX പ്രത്യേക പരാമർശം

## ജസ്റ്റിസ് മോഹൻകുമാർ കമ്മിഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതു സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: കഴിഞ്ഞ സഭയിൽ ഉന്നയിച്ച ഒരു കാര്യം തന്നെയാണ്. കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്റ്റ് സെക്ഷൻ 3 അനുസരിച്ച് അന്വേഷണ റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ സഭയിൽ വയ്ക്കേണ്ടതാണ്. എന്നാൽ റിപ്പോർട്ട് കിട്ടി ഏതാണ്ട് ഒരു വർഷമായിട്ടും കല്ലുവാതുക്കൽ മദ്യദുരന്തം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ച ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് ഇതുവരെ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. ഇപ്പോൾ ഈ റിപ്പോർട്ടിന് വേണ്ടി ജസ്റ്റിസ് ദാസ് ആവശ്യപ്പെട്ട് കഴിഞ്ഞു. സ്വാഭാവികമായും ഇത് ഇപ്പോൾ ഹൈക്കോടതിയിലേയ്ക്ക് കൊടുക്കേണ്ടി വരും. ആ കമ്മീഷൻ റിപ്പോർട്ടിന്റെ മുകളിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കൂടി വയ്ക്കേണ്ടതാണ്. ഈ സഭയുടെ അംഗീകാരമില്ലാതെ, സഭയിൽ വയ്ക്കാതെ ഹൈക്കോടതിയിൽ അത് കൊടുക്കാൻ പാടില്ല. ഇപ്പോൾ തന്നെ വളരെ ഡിലേ വന്നിരിക്കുന്നു. എന്തുകൊണ്ടാണ് ഈ റിപ്പോർട്ട് വയ്ക്കാത്തത് എന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് വിശദീകരണം നൽകേണ്ടത്.

മി. സ്പീക്കർ: ഇപ്പോൾ സി. എം. ഇല്ല. ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: എന്റെ മണ്ഡലത്തിൽ നടന്ന ഒരു വിഷയമായതുകൊണ്ട് അത് ഈ സഭയുടെ മുൻപാകെ വച്ച് പരിശോധിക്കാനുള്ള അവസരമുണ്ടാക്കണം.

**Mr. Speaker**: Yes.....Yes. Legislative Business.

# X നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

## (1) 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: വിയോജനക്കുറിപ്പില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly